**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2468** **17-03-2022 - ൽ മറുപടിയ്ക്ക്**

**പെൻഷൻകാരുടെ ആനുകൂല്യ വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി | | null<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പെൻഷൻകാർക്ക് കുടിശ്ശികയായി കിടക്കുന്ന ക്ഷാമബത്തയുടെ 3,4 ഗഡു വിതരണം ചെയ്യുന്നതിന് കാലതാമസം നേരിട്ടതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) | കോവിഡ് മഹാമാരിയുടെ പശ്ചാതലത്തിൽ ഏർപ്പെടുത്തിയ ലോക്ക്ഡൗണും തുടർന്നുള്ള നിയന്ത്രണങ്ങളും ചരക്ക് സേവന നികുതി വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം കേന്ദ്ര സർക്കാർ കൃത്യസമയത്ത് നൽകാത്തതും പുതിയ കാരണങ്ങൾ ചൂണ്ടിക്കാട്ടി കേന്ദ്രസർക്കാർ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി വെട്ടിക്കുറച്ചതും, അതേസമയം, കോവിഡ് ദുരിതമനുഭവിക്കുന്ന ഘട്ടത്തിൽ സാധാരണ ജനജീവിതം സാദ്ധ്യമാക്കുകയെന്ന കർത്തവ്യത്തിന്റെ ഭാഗമായുള്ള സാമൂഹ്യ ക്ഷേമ ചെലവുകൾ (ഭക്ഷ്യകിറ്റ്, സാമൂഹ്യ സുരക്ഷ പെൻഷൻ തുടങ്ങിയവ), ആരോഗ്യരംഗത്ത് പുതുതായി സൃഷ്ടിക്കപ്പെട്ട സാമ്പത്തിക ഉത്തരവാദിത്വങ്ങൾ എന്നിവ ഏറ്റെടുക്കേണ്ടി വന്നതും സംസ്ഥാനത്ത് ഗുരുതര 'ലിക്വിഡിറ്റി' പ്രതിസന്ധി സൃഷ്ടിച്ചിരുന്നു. എന്നാൽ ടി പ്രതിസന്ധിക്കിടയിലും ഏകദേശം 2600 കോടിയോളം വരുന്ന പെൻഷൻ പരിഷ്കരണ/ പെൻഷൻകാരുടെ ക്ഷാമബത്ത കുടിശ്ശികയുടെ രണ്ട് ഗഡു വിതരണം ചെയ്തിരുന്നു. മേൽ പ്രതിപാദിത സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാതലത്തിലാണ് ക്ഷാമബത്ത കുടിശ്ശികയുടെ രണ്ട് ഗഡു വിതരണം ചെയ്യുവാൻ സാധിക്കാതിരുന്നത്. |
| (ബി) | പ്രസ്തുത കുടിശ്ശിക സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ച പ്രകാരം നൽകുവാൻ സാധിക്കാത്തതിന്റെ കാരണം അറിയിക്കാമോ; | (ബി) | കോവിഡ് മഹാമാരിയുടെ പശ്ചാതലത്തിൽ ഏർപ്പെടുത്തിയ ലോക്ക്ഡൗണും തുടർന്നുള്ള നിയന്ത്രണങ്ങളും ചരക്ക് സേവന നികുതി വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം കേന്ദ്ര സർക്കാർ കൃത്യസമയത്ത് നൽകാത്തതും പുതിയ കാരണങ്ങൾ ചൂണ്ടിക്കാട്ടി കേന്ദ്രസർക്കാർ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി വെട്ടിക്കുറച്ചതും, അതേസമയം, കോവിഡ് ദുരിതമനുഭവിക്കുന്ന ഘട്ടത്തിൽ സാധാരണ ജനജീവിതം സാദ്ധ്യമാക്കുകയെന്ന കർത്തവ്യത്തിന്റെ ഭാഗമായുള്ള സാമൂഹ്യ ക്ഷേമ ചെലവുകൾ (ഭക്ഷ്യകിറ്റ്, സാമൂഹ്യ സുരക്ഷ പെൻഷൻ |

| | | | |
|---|---|---|---|
| | | | തുടങ്ങിയവ), ആരോഗ്യരംഗത്ത് പുതുതായി സൃഷ്ടിക്കപ്പെട്ട സാമ്പത്തിക ഉത്തരവാദിത്വങ്ങൾ എന്നിവ ഏറ്റെടുക്കേണ്ടി വന്നതും സംസ്ഥാനത്ത് ഗുരുതര 'ലിക്വിഡിറ്റി' പ്രതിസന്ധി സൃഷ്ടിച്ചിരുന്നു. എന്നാൽ ടി പ്രതിസന്ധിക്കിടയിലും ഏകദേശം 2600 കോടിയോളം വരുന്ന പെൻഷൻ പരിഷ്കരണ/ പെൻഷൻകാരുടെ ക്ഷാമബത്ത കുടിശ്ശികയുടെ രണ്ട് ഗഡു വിതരണം ചെയ്തിരുന്നു. മേൽ പ്രതിപാദിത സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാതലത്തിലാണ് ക്ഷാമബത്ത കുടിശ്ശികയുടെ രണ്ട് ഗഡു വിതരണം ചെയ്യുവാൻ സാധിക്കാതിരുന്നത്. |
| (സി) | പെൻഷൻകാർക്ക് നിലവിൽ എത്ര ശതമാനം ഡി.എ. കുടിശ്ശിക നൽകാനുണ്ട്; വ്യക്തമാക്കാമോ; | (സി) | സംസ്ഥാന ശമ്പള പരിഷ്കരണ കമ്മീഷൻ ശുപാർശ ചെയ്ത പ്രകാരമുള്ള സൂത്രവാക്യമുപയോഗിച്ചാണ് സംസ്ഥാനസർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും ഡി.എ /ഡി.ആർ കണക്കാക്കുന്നത്. അതനുസരിച്ച് 01.07.2020 വരെയുള്ള ഡി.എ/ഡി.ആർ അനുവദിച്ചിട്ടുണ്ട്. എന്നാൽ 01.01.2021 മുതൽ ഡി.എ /ഡി.ആർ കണക്കാക്കിയിട്ടില്ല. |
| (ഡി) | പെൻഷൻകാർക്ക് മേല്പറഞ്ഞ ആനുകൂല്യം നല്കാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ? | (ഡി) | സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി പരിഗണിച്ച് മാത്രമേ ഡിഎ/ഡിആർ പ്രഖ്യാപിക്കുവാൻ നിർവ്വാഹമുള്ളു. |

സെക്ഷൻ ഓഫീസർ